**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 265** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ നിരന്തരമുണ്ടാകുന്നത് കണക്കിലെടുത്ത് ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. ഭക്ഷ്യ സ്ഥാപനങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റോടുകൂടി മാത്രമേ പ്രവർത്തിയ്ക്കുവാൻ കഴിയുകയുള്ളൂ. ജീവനക്കാരുടെ ശാരീരിക പരിശോധന നടത്തി നിശ്ചിത മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും പുതുക്കേണ്ടതാണ്. പകർച്ചവ്യാധി, ത്വക്ക് രോഗം എന്നിവ ഇല്ലായെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ ജീവനക്കാരെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് അനുവദിയ്ക്കുകയുള്ളൂ. ആയതിനാൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ